Syro Malabar Commission for Liturgy



# നോമ്പ് ആറാം വെള്ളി (യോഹ 11: 32-44)

നോമ്പ് ആറാം വെള്ളി നാല്പതാം വെള്ളിയായി നാം ആചരിക്കുന്നു. നോമ്പ് ആരംഭിച്ചിട്ട് നാല്പത് ദിവസങ്ങൾ പൂർത്തിയാവുകയാണിന്ന്. തുടർന്നുള്ള ദിനങ്ങൾ കൂടുതൽ പ്രാർത്ഥനയുടെയും പരിത്യാഗ പ്രവർത്തികളുടെയും നിശ്ശബ്ദതയുടെയും ആരാധനാഘോഷങ്ങളുടെയും നാളുകളാണ്. “നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല”(യോഹ 11:32) എന്നുള്ള മറിയത്തിന്റെ രോദനം നമ്മുടെയും അനുഭവമാണ്. ദൈവം സ്നേഹമാണെന്ന് പൂർണ്ണമായി വിശ്വസിക്കുകയും ദൈവത്തെ പരമാവധി സ്നേഹിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന സമയത്തും ദൈവത്തിന്റെ ചില തീരുമാനങ്ങളുടെ മുമ്പിൽ നാം പതറിപ്പോവുകയും മറിയത്തെപ്പോലെ വിലപിക്കുകയും ചെയ്യുന്നു. അപ്പോൾ ഈശോയ്ക്ക് പറയാനുള്ളത് ഇത്രമാത്രം : “വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും” (യോഹ 11:40) ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുവാനുള്ള ധൈര്യമാണ് അവിടുന്ന് ആവശ്യപ്പെടുന്നത്. ഈശോയുടെ മാതൃക അതാണ്. എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു എന്ന് വിലപിക്കുന്നവൻ പിതാവിന്റെ കൈകളിൽ സ്വയം സമർപ്പിക്കുന്നു. ജീവിത പ്രതിസന്ധികളിൽ ദൈവത്തിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു സ്വയം സമർപ്പിക്കാൻ പരിശ്രമിക്കാം.


**തയ്യാറാക്കിയത്,**
**ഫാ. കുര്യാക്കോസ് മൂഞ്ഞേലി MCBS**
**08-04-2022**

**സീറോമലബാർ ആരാധന ക്രമകമ്മീഷൻ**
**മൗണ്ട് സെന്റ് തോമസ്, കാക്കനാട്**



**Read more: wwwsyromalabarliturgy.or**